## 47

സ്തുതിച്ചിടുവതെന്താനന്ദം! യേശുദേവനെ
സ്തുതിച്ചിടുവതെന്താനന്ദം! ശ്രീയേശുദേവനെ
സ്തുതിച്ചിടുവതെന്താനന്ദം!

1 മോദമോടെ നാമേവരും തിരുപ്പാദം തന്നിലത്യാദരം
വീണു വന്ദനം ചെയ്തുകൊ
സന്തോഷ സംഗീതം ചേർന്നുപാടി

2 കാടുകേറിയൊരാടുപോലെ ഞാനാടലോടുഴന്നീടവേ
തേടിവന്നെനിക്കെന്നുമാശ്രയം നേടി മാറിലണച്ച ദേവനെ-

3 ആയിരം പതിനായിരങ്ങളിലാരിലുമതിസുന്ദരൻ
ആയിടുമഖിലാണ്ഡനായകനാശ്രിതേശ്വരനേശു ദേവനെ-

4 പെരിയ ഖേദവും പീഡനങ്ങളും പെരുകി വന്നിടും വേളയിൽ
തിരുച്ചിറകതിന്നുള്ളിലാശ്രയമരുളി രക്ഷതരുന്ന ദേവനെ-

5 ലോകജാതികളെങ്ങുമേവരുമാകെയാകുലരെങ്കിലും
ആശ്രിതർക്കമിതാർത്തിതീർത്തിടുമാർത്ത
നാഥനാമേശു ദേവനെ-

**M.E.C**